കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 ഫെബ്രുവരി 23, ബുധൻ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2000 ഫെബ്രുവരി മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(I) ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്കു അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം *61.

1 (*61) ദേശസാൽകൃത ബാങ്കുകളിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ദേശസാൽകൃത ബാങ്കുകളിലെ ഇപ്പോഴത്തെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ദേശസാൽകൃത ബാങ്കുകൾ കേരളത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപം അന്യസംസ്ഥാനത്തെ സംരംഭകർക്ക് ലഭ്യമാകുകയും ഇതുമൂലം സംസ്ഥാനത്തെ സംരംഭകർക്ക് വായ്പ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം മാറ്റുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എത്രയാണെന്നുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ യുക്തിസഹമാക്കുവാൻ ബാങ്ക് അധികൃതർ തയ്യാറാകാത്തപക്ഷം സംസ്ഥാന സർക്കാരിന്റേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിക്ഷേപം ദേശസാൽകൃത ബാങ്കുകളിൽ നിന്നും പിൻവലിച്ച് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) 1999 സെപ്റ്റംബർ മാസം വരെയുള്ള കണക്കുപ്രകാരം കേരളത്തിലെ ദേശസാൽകൃത ബാങ്കുകളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 39.39 ശതമാനമാണ്.

(ബി) ദേശസാൽകൃത ബാങ്കുകളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ മെച്ചപ്പെടുത്തി സംസ്ഥാനത്തെ സംരംഭകർക്കുതന്നെ വായ്പ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റും സംസ്ഥാന ആസൂത്രണ ബോർഡും പല നടപടികളും ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്തെ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗുകളിൽ ഇക്കാര്യം നിരന്തരം ഉന്നയിക്കുന്നതു കൂടാതെ ആസൂത്രണ ബോർഡ് വൈസ്ചെയർമാൻ റിസർവ് ബാങ്ക് ഗവർണറുടെ ശ്രദ്ധയിലും ഇക്കാര്യം കൊണ്ടുവന്ന് സത്വര നടപടി ആവശ്യപ്പെട്ടിട്ടുണ്ട്. വായ്പാനിക്ഷേപാനുപാതം താഴ്ന്നുവരുന്ന സാഹചര്യത്തെക്കുറിച്ച് പഠിച്ചു റിപ്പോർട്ടു നൽകാൻ ഡി.ഡി. ആവാരി ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗുകളിൽ ഓരോ ബാങ്കിന്റെയും ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ നിലവാരം വിലയിരുത്തുന്നു. ഇതിന്റെ ഭാഗമായി 17.9.'96-ൽ മുഖ്യമന്ത്രിയുടെയും 10.12.'99-ലും 17.7.'99-ലും 30.7.99-ലും ധനകാര്യമന്ത്രിയുടെയും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തുകയുണ്ടായി. ഇതിനെല്ലാം പുറമെ വികസന പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ വകുപ്പുകളും ബാങ്കുകളും നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കാണുന്നതിനുവേണ്ടി മന്ത്രിമാരെയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥൻമാരെയും ബാങ്കുപ്രതിനിധികളെയും ഉൾപ്പെടുത്തി ബഹു:മുഖ്യമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജനകീയാസൂത്രണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ബാങ്കുകളുമായി ചർച്ച ചെയ്ത് ബാങ്കു വായ്പ ലഭ്യമാകത്തക്ക തരത്തിൽ പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ദേശസാൽകൃത ബാങ്കുകളുടെ 1995 മുതൽ 1999 വരെയുള്ള ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ താഴെ കൊടുക്കുന്നു.

വർഷം (മാർച്ച്)	ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ
1995	42.01
1996	44.44
1997	42.61
1998	43.95
1999	42.40

(ഡി) സംസ്ഥാനത്തിന്റെ താൽപ്പര്യം മാനിച്ച് ബാങ്കുകൾ ക്രെഡിറ്റ് നൽകുന്നതിൽ വർദ്ധന ഉണ്ടാക്കുമെന്നാണ് കരുതുന്നത്.

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : സർ, സംസ്ഥാനത്തുനിന്നുള്ള ഡെപ്പോസിറ്റ് അനുസരിച്ച് വിവിധ വികസന പ്രവർത്തനങ്ങൾക്കു ലോൺ ലഭിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിന്റെ ഫലമായി ഇത്തരം ഡെപ്പോസിറ്റുകളിൽനിന്നും ലോൺ ഇതുവരെ ലഭിച്ചുകഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ബാങ്കിൽ നിന്നുള്ള കേരളത്തിലെ ഡെപ്പോസിറ്റും അതിന്റെ എത്ര ശതമാനമാണ് ഇവിടെ ലോൺ ലഭിക്കുന്നത് എന്നുമാണ് പ്രധാന ചോദ്യവിഷയം. അത് വിശദമായി ഞാൻ മെയിൻ ചോദ്യത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. ലോൺ എത്ര ശതമാനമാണ് കിട്ടുന്നത്, അത് കിട്ടിയാൽ പോരാ എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതും ബാങ്കബിൾ പ്രോജക്ട് സബ്മിറ്റ് ചെയ്യുമ്പോഴാണ് ബാങ്ക്സ് അതിന് ക്രെഡിറ്റ് തരുന്നത്.

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : സർ, പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി വിദേശ നിക്ഷേപകർക്ക് സ്വതന്ത്രമായി കടന്നുവരുന്നതിന്, ദേശ സാൽകൃത ബാങ്കുകളുടെ ജനകീയ സ്വഭാവം ഇല്ലാതാക്കുന്നതിന് നീക്കമുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷേ അത് ഈ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ബാങ്കബിൾ പ്രോജക്ട് കൊടുക്കുമ്പോഴാണ് ബാങ്കുകൾക്ക് ലോൺ കൊടുക്കാൻ കഴിയുന്നത് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നമ്മുടെ ക്രെഡിറ്റ് ശതമാനം കേരളത്തിൽ വളരെ താഴെ പോകുന്നത്, അത്തരത്തിൽ വ്യക്തമായ നിബന്ധനകൾക്കു വിധേയമായി അപേക്ഷകൾ കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ്. അക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും പരിഹാരനിർദ്ദേശമുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവുമായിട്ട് ചർച്ച നടത്തുമ്പോഴൊക്കെ തന്നെ അവർ പറയുന്ന ഒരു സമാധാനം കേരളത്തിൽ നിന്ന് വേണ്ടമാതിരി ബാങ്കബിൾ പ്രോജ്ക്ട്സ്, വയബിൾ പ്രോജക്ട്സ് ലഭിക്കുന്നില്ല എന്നുള്ളതാണ്. മാത്രമല്ല വയബിളായിട്ടുള്ള ബാങ്കബിൾ പ്രോജക്ട്സിന് വല്ലതും ലോൺ നിഷേധിച്ചിട്ടുണ്ടെങ്കിൽ സ്പെസിഫിക് ഉദാഹരണം എടുത്ത് സൈറ്റ് ചെയ്താൽ അത് പ്രത്യേകം പരിശോധിക്കാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് മാനേജർ ബാങ്കബിളായിട്ടും ലോൺ ലഭിക്കാത്ത പ്രോജക്ട്സിന്റെ ഒരു ലിസ്റ്റ് ശേഖരിച്ച് ഗവൺമെന്റ് പഠിച്ചുവരികയാണ്. അത് അവരെ എഴുതി അറിയിക്കാം. ഓരോ ബാങ്കും നിഷേധിച്ച ബാങ്കബിൾ പ്രോജക്ട്സ് തന്നെ നിഷേധിച്ചതിനെ സംബന്ധിച്ച് പ്രത്യേകമായി അവരോട് അജണ്ട വച്ച് ചർച്ച ചെയ്യും.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കെ.എസ്.ആർ.ടി.സി. ജില്ലാ ബാങ്കുകളിൽ നിന്നൊക്കെ പണം കടമെടുത്ത് ബസ് വാങ്ങുന്നതായി ഒരു സ്ഥിതി ഇപ്പോൾ അറിയാൻ കഴിയുന്നുണ്ട്. അതുപോലെ സർക്കാരിന്റെ ഷുവർട്ടിയിൽ കെ.എസ്.ആർ.ടി.സി, ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക്, ഈ ബാങ്കുകളിൽ നിന്ന് ലോൺ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, കെ.എസ്.ആർ.ടി.സി മുതലായ കോർപ്പറേഷനുകൾ ഉണ്ടാക്കുന്നതുതന്നെ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ലഭിക്കാൻ വേണ്ടിയാണ്. കെ.എസ്.ആർ.ടി.സി. ഒരു പ്രോജക്ട് ഉണ്ടാക്കി ആ പ്രോജക്ടിന് ക്രെഡിറ്റ് ആവശ്യപ്പെട്ടാൽ അതു ലഭിക്കാനുള്ള പരിശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, റിസർവ് ബാങ്കിന്റെ ഗൈഡ് ലൈൻസ് അനുസരിച്ചുകൊണ്ട് ഡെപ്പോസിറ്റിന്റെ 60% ലോൺ കൊടുക്കണമെ

LIBRARY ARCHIVES Kerala Legislative Assembly

ന്നതാണ് വ്യവസ്ഥ. കേരളത്തിലെ ഒരു ബാങ്കും ഇക്കാര്യത്തിൽ അതു ചെയ്യുന്നില്ല. മാത്രമല്ല പലിശയുടെ കാര്യത്തിൽ ഇതുവരെ ഒരു മാനദണ്ഡവും നമ്മുടെ സംസ്ഥാനത്ത് ഈ ദേശസാൽകൃത ബാങ്കുകൾ ഒന്നുംതന്നെ കാര്യമായി എടുത്തിട്ടില്ല. ഇക്കാരണത്താൽ ലോൺ അപേക്ഷകർ വിഷമിക്കുകയും, സാധാരണക്കാർക്കു ലോൺ കിട്ടാതിരിക്കുകയും വൻകിടക്കാർക്കു ലോൺ കിട്ടുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഇന്ററസ്റ്റിന്റെ കാര്യത്തിൽ ഏകീകൃതമായ നയവും. സാധാരണക്കാരന് ലോൺ കിട്ടാത്തതിന്റെ പേരിൽ അവർക്ക് കിട്ടാനാവശ്യമായ നടപടിയും ഉണ്ടാകണം. അതിന് സംസ്ഥാന സർക്കാർ ഈ ബാങ്ക് മാനേജർമാരെ അല്ലെങ്കിൽ എം.ഡി.മാരെ വിളിച്ചുകൊണ്ട് ഒരു യോഗം ചേർത്ത് അതിൽ ശക്തമായ നിർദ്ദേശം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ ഇന്ത്യയിലെ 15 പ്രധാന സ്റ്റേറ്റുകൾ എടുത്താൽ അതിൽ കേരളത്തിന്റെ സ്ഥാനം പത്താമത്തേതാണ്. കമ്പാരറ്റീവ്‌ലി കേരളത്തിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ വളരെ ചുരുക്കമാണ്. അതുസംബന്ധിച്ച് റിസർവ് ബാങ്കിനെയും ഗവൺമെന്റ് ഓഫ് ഇന്ത്യയെയും സമീപിച്ചപ്പോൾ അതിനെപ്പറ്റി പഠിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ വയ്ക്കാൻ കാനറാ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ഡി.ഡി. ആവാരി ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ആ കമ്മിറ്റിയിൽ കൃഷി, വ്യവസായം ആസൂത്രണം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ കേരളത്തിൽ നിന്ന് അംഗങ്ങളാണ്. ശ്രീ. ആവാരി ചെയർമാനായുള്ള കമ്മിറ്റിയുടെ ശുപാർശ 2000-2001-ൽ സി.ഡി. റേഷ്യോ 60% ആക്കണമെന്നും അങ്ങനെ ആക്കണമെങ്കിൽ ഓരോ ബാങ്കും ഓരോ വർഷവും വർദ്ധിപ്പിക്കേണ്ട സി.ഡി. റേഷ്യോ എന്തായിരിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. പക്ഷെ അത് വെറും ഏട്ടിലെ പശുവായി കിടക്കുകയാണ്. ആ രീതിയിൽ ഒരു ബാങ്കും പ്രതികരിക്കുന്നുമില്ല. ഏതായാലും ഇപ്പോൾ ബാങ്കിന്റെ ഇന്ററസ്റ്റ് റേറ്റ് കുറഞ്ഞിരിക്കുകയാണ്. പലിശ വർദ്ധനവു കൊണ്ട് മാത്രമല്ല, ഏകീകൃതമായ രീതിയിൽ ചെറുകിട വ്യവസായികൾക്ക്, പ്രോജക്ടുകൾക്ക് ലോൺ കൊടുക്കാൻ ബന്ധപ്പെട്ട ബാങ്ക് എക്സിക്യൂട്ടീവ്സുമായി ധനകാര്യ വകുപ്പും ആസൂത്രണ വകുപ്പും യോഗം വിളിച്ചുകൂട്ടി അദ്ദേഹം നിർദ്ദേശിച്ചതുപോലെ നടപടികൾ തുടരുന്നതാണ്.

<u>ശ്രീ. എം.വി. ജയരാജൻ</u> : സർ, അങ്ങ് ഇവിടെ പറഞ്ഞതുപോലെ കാനറാബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ചെയർമാനായിരിക്കുന്ന ആവാരി കമ്മിറ്റിയുടെ റിപ്പോർട്ടിൽ കേരളത്തിലെ വായ്പാനിക്ഷേപാനുപാതം കുറഞ്ഞുവരുന്നതിനെ സംബന്ധിച്ച് പരിഗണിച്ച് നിശ്ചിതവർഷം ഉയർത്തണമെന്നു ശുപാർശ ചെയ്തതു മാത്രമല്ല, ആ ശുപാർശയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റി മുഖ്യമന്ത്രി ധനകാര്യ വകുപ്പുമന്ത്രി ഇവരെല്ലാം പങ്കെടുത്തുകൊണ്ടു കൂടിയ മീറ്റിംഗിൽ ഒരു വാഗ്ദാനം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാനറാബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇവയുടെ ചീഫ് എക്സിക്യൂട്ടീവുകൾ നൽകിയിട്ടുമുണ്ട്. കേരളത്തിലെ ഗവൺമെന്റിനു മുമ്പാകെ എഴുതിക്കൊടുത്തിട്ടുള്ള ഒരു വാഗ്ദാനമാണത്. ആ വാഗ്ദാനമാണ് ലംഘിക്കുന്നത്. ഇത് കേരളത്തോട് കാണിക്കുന്ന ഏറ്റവും വലിയ ക്രൂരതയാണ്. കേരളത്തിലെ മൂന്നു കോടിയോളം വരുന്ന ജനങ്ങളോടുള്ള വെല്ലുവിളിയാണ്. അതു പരിഗണിച്ചുകൊണ്ട് ഗൗരവമായിട്ടുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ധനകാര്യമന്ത്രിമാരുടെ ചർച്ചയിൽ 1999 മാർച്ച് മാസത്തോടുകൂടി കാനറാബാങ്കും എസ്.ബി.ടി.യും 45 ശതമാനവും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 50 ശതമാനവുമായി അവരുടെ വായ്പാനിക്ഷേപ അനുപാതം വർദ്ധിപ്പിക്കാമെന്ന് വാക്ക് തന്നതാണ്. അവരുടെ അഷ്വറൻസ് ലെറ്ററും ഗവൺമെന്റിന് കിട്ടിയതാണ്. എന്നാൽ 1998-ലെ കണക്കനുസരിച്ച് എസ്.എൽ.ബി.സി., (സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റി) ഇത് റിവ്യൂ ചെയ്യുമ്പോൾ അവർ നൽകിയ വാഗ്ദാനം നടപ്പിലാക്കിയിട്ടില്ല എന്നു കാണുകയുണ്ടായി. അതിനെ സംബന്ധിച്ച് വളരെ ശക്തമായിത്തന്നെ ഗവൺമെന്റ് പ്രതികരിച്ചു. മുഖ്യമന്ത്രി പ്ലാനിംഗ് കമ്മിഷന്റെ മുൻപിലും അതുപോലെ തന്നെ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിലും മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും കൂടിയുള്ള സംയുക്ത സമ്മേളനത്തിലും പ്രധാനമന്ത്രിക്കും ധനകാര്യമന്ത്രിക്കും എഴുതിയ നിരവധി കത്തുകളിലും പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ എഴുതിയ കത്തുകളിലും എല്ലാറ്റിലും തന്നെ ഉന്നയിച്ചിട്ടുണ്ട്. ഇതിന്റെ ഫോളോ അപ്പ് നടപടികൾ തുടരുന്നതാണ്. പക്ഷെ റിസൽട്ട് എന്താണെന്നു ചോദിച്ചാൽ 1997-ൽ 48 ശതമാനം എസ്.ബി.ഐ. ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ ഇക്കുറി 1998-ൽ 47.53 ആണ്. എസ്.ബി.ടി. 45.3 എന്നുള്ളത് 44.82 ആയി ചുരുങ്ങി. കാനറാബാങ്ക് 35.1 എന്നുള്ളത് 40.57-അതുമാത്രമേ വർദ്ധിപ്പിച്ചിട്ടുള്ളൂ. കാനറാബാങ്കിനും എസ്.ബി.ടി-ക്കും എസ്.ബി.ഐ-ക്കും പ്രത്യേക ബാദ്ധ്യതയുണ്ട്. കാനറാ ബാങ്ക് നമ്മുടെ സംസ്ഥാനത്തിലെ ഭൂരിഭാഗം ജില്ലകളിലെ ലീഡ് ബാങ്കാണ്. അപ്പോൾ ലീഡ് ബാങ്ക് എന്ന നിലയ്ക്കു വേണം. എസ്.ബി.ടി.(സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ)) അത് നമ്മുടെ സ്റ്റേറ്റിന്റെ ബാങ്ക് എന്നുള്ള നിലയ്ക്ക്, ഇവിടെ പത്തഞ്ഞൂറ് ബ്രാഞ്ചും നൂറ് ബ്രാഞ്ച് പുറത്തും അങ്ങനെയുള്ള നമ്മുടെ ബാങ്ക് എന്നുള്ള നിലയ്ക്കു വേണം. എല്ലാപേരോടും ഒരേ രീതിയിൽ പെരുമാറേണ്ട, ഇൻഡ്യാതലത്തിലുള്ള ബാങ്കായ എസ്.ബി.ഐ; ആ എസ്.ബി.ഐ.യുടെ സബ്സിഡിയറിയായ എസ്.ബി.ടി: ആ നിലയ്ക്കുള്ള അവരുടെ ബാദ്ധ്യത അവർ നിറവേറ്റിയിട്ടില്ല. അതിന് വീണ്ടും ഞാൻ അഭ്യർത്ഥിക്കാം. മറ്റൊരു വസ്തുത കൂടിയുണ്ട്. ഇപ്പോൾ കുറച്ചു ടെംപററി റിക്കവറിയുണ്ട്, യഥാർത്ഥ്യം യാഥാർത്ഥ്യമായിട്ട് കാണണമല്ലോ, ഒരു ടെംപററി റിക്കവറിയുള്ള പൊസിഷനിൽ ലോൺ ഉണ്ട്. ഇതുവരെ കഴിഞ്ഞ ഒന്നരക്കൊല്ലം ലോകമെമ്പാടും വിശിഷ്യ തെക്കു കിഴക്കൻ ഏഷ്യയിൽ ആഞ്ഞടിച്ച സാമ്പത്തിക മാന്ദ്യത്തിന്റേതായ ഒരു കാറ്റുണ്ട്. ആ കാറ്റിന്റെ ഫലമായി ഈ ബാങ്കിൽ ഡെപ്പോസിറ്റ് അടിഞ്ഞുകൂടുകയും അഡ്വാൻസ് പോകാതിരിക്കുകയും ഒരാൾതന്നെ ഇത് വെഞ്ചർ ചെയ്യാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. കോ-ഓപ്പറേറ്റീവ് സെക്ടറിൽത്തന്നെ നോക്കിയാൽ അറിയാം. ആരും ലോൺ അഡ്വാൻസിന് പോകുന്നില്ല. അഡ്വാൻസ് ലോൺ കൊടുത്തില്ലെങ്കിൽ ബാങ്ക് പൊളിഞ്ഞുപോകും. ഡെപ്പോസിറ്റിന്റെ പലിശയും കൊടുക്കണം. ആ പലിശ കൊടുക്കുന്നത് ഈ അഡ്വാൻസിന്റെ ഇന്ററസ്റ്റിൽനിന്നാണ്. അതു കൊടുക്കാൻ തന്നെ ഇപ്പോൾ ബാങ്കുകൾ സ്ട്രഗിൾ ചെയ്യുകയാണ്. ഇതെല്ലാം ഉള്ളപ്പോൾ ടെംപററി റിക്കവറിയുണ്ട്, അത് നമ്മുടെ സാമ്പത്തിക രംഗത്തും കാണാൻ സാധിക്കും. ഒരു ചെറിയ റിക്കവറി, ആ റിക്കവറി ഉപയോഗിച്ചുകൊണ്ട് നമ്മുടെ ലോൺ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ എങ്ങനെ ഇംപ്രൂവ് ചെയ്യുന്നു എന്നത് പഠിശോധിച്ച് യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : സർ, കാറ്റും ഒഴുക്കുമൊക്കെ കിഴക്കോട്ട്, പക്ഷേ കാവേരി വെള്ളം പടിഞ്ഞാട്ട് തന്നെയാണ്, ആ സ്ഥിതിക്ക്

ആഗോളപ്രതിഭാസങ്ങളെക്കുറിച്ച് കേട്ടിട്ട് ഇവിടുത്തെ ചെറുകിട വായ്പാ സംരംഭകരെ വിസ്മരിക്കാൻ പറ്റുന്നില്ല. ബാങ്കബിൾ പ്രോജക്ടിന്റെ അപര്യാപ്തതയെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചു, വൻകിട ബാങ്കബിൾ പ്രോജക്ടിനെക്കുറിച്ച് ഞാൻ ചോദിക്കുന്നില്ല. ചെറുകിട ബാങ്കബിൾ പ്രോജക്ട്സ് ഉണ്ടല്ലോ, പി.എം.ആർ.വൈ.യിലും ജെ.ആർ.വൈ.യിലും സ്വയം തൊഴിൽ കണ്ടെത്തലിലും കൃഷിയിലും വാണിജ്യത്തിലും വ്യവസായത്തിലുമൊക്കെയായിട്ട് സബ്മിറ്റ് ചെയ്യപ്പെടുന്ന പ്രോജക്ടുകൾ അതിൽ വിശേഷിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ബാങ്കുകൾ ഓഫീസേഴ്സിനെയിരുത്തിക്കൊണ്ട് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസേഴ്സ് ഇന്റർവ്യൂ നടത്തി എന്നിട്ട് അംഗീകരിക്കുന്ന പ്രോജക്ടുകൾ-അവയ്ക്കുപോലും കാശ് കൊടുക്കാതെ ജപ്തി അഭിമുഖീകരിക്കുന്ന സ്വയം തൊഴിൽ സംരംഭകരെ സംരക്ഷിക്കാനെങ്കിലും അങ്ങ് ഇവിടെ സൂചിപ്പിച്ചപോലെ സ്വന്തം കർത്തവ്യം നിർവഹിക്കാത്ത ബാങ്കുകളുടെ മേൽ കൂടുതൽ കർക്കശമായ അധികാരത്തിന്റെ പിടി മുറുക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : നമ്മൾ വെറുതെ കുറെ കാര്യങ്ങൾ അസംബ്ലിയിൽ ശക്തിയായി പറഞ്ഞിട്ട് കാര്യമില്ല. സ്റ്റേറ്റ് ഗവൺമെന്റിന് ഇവരുടെ മേലുള്ള റോളെന്താണ്? ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കഴിയും. അത് ചെയ്യാമെന്നല്ലാതെ സ്റ്റേറ്റ് ബാങ്കുകളോട് എന്തു നടപടിയെടുക്കാനാണ്! വേണമെങ്കിൽ ഞാൻ പറയാം കഴിയുന്നത്ര കർശനമായ നടപടി എടുക്കാമെന്ന്. പക്ഷേ നാം അസംബ്ലിയിൽ അങ്ങനെയാകരുത്, വിവരം കിട്ടാനാണ് ചോദ്യം ചോദിക്കുന്നത്. സത്യസന്ധമായി പറയാമെന്നല്ലാതെ-പ്രൊഫസർ പറഞ്ഞതുപോലെ ആലങ്കാരികമായി മറുപടി പറയാൻ എനിക്കുകഴിയും, അതല്ലല്ലോ വേണ്ടത്, കാര്യം നടക്കണമല്ലോ. അല്ലാതെ വീറോടെ പറഞ്ഞിട്ട് കാര്യമുണ്ടോ?

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, ബാങ്കുകൾ ദേശസാൽക്കരിച്ചതിനു ശേഷം കാർഷിക മേഖല പ്രൈവറ്റ് സെക്ടറിൽപ്പെട്ടിരുന്നതാണ്, പക്ഷേ ഇപ്പോൾ പ്രയോറിറ്റി സെക്ടറിൽപ്പെടുത്തിയെങ്കിലും ആവശ്യമായ വായ്പ കാർഷിക മേഖലയിൽ കൃഷിക്കാർക്ക് ലഭിക്കാത്ത അവസ്ഥയുണ്ട്. പല കാര്യങ്ങൾക്കുവേണ്ടി കൃഷിക്കാർ ബാങ്കുകളിൽ പോയാൽ പ്രോൽസാഹനം ലഭിക്കാത്ത, വായ്പ കൊടുക്കാത്ത അവസ്ഥ വന്നുചേർന്നിട്ടുണ്ട്, പല റെക്കമന്റേഷനുകളും ബാങ്കുകളുടെ മുമ്പിൽ വന്നുകഴിഞ്ഞാലും ബാങ്കുകൾ അത് റിജെക്ട് ചെയ്യുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് ബാങ്കേഴ്സിന്റെ മുമ്പിൽ കൊണ്ടുവന്ന് പരിഹാരം കാണുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, കാർഷികമേഖല പ്രൈമറി സെക്ടറിലാണ്. പ്രൈമറി, സെക്കന്ററി സെക്ടർ ഇതിലെല്ലാം, പ്രൈമറി സെക്ടറിൽ ലോൺ കൊടുക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. എനിക്ക് ബാങ്കുകളെ ഡിഫെൻഡ് ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല. സത്യസന്ധമായി ഫാക്ട്സ് മുൻപിൽ വയ്ക്കുന്നു. കാർഷിക മേഖലയിൽത്തന്നെ ലോണിന് അപ്ലൈ ചെയ്യുന്നവർ എത്രയുണ്ട്? അത് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകാരോട് ചോദിച്ചാൽ അറിയാം. പൈസയുംവെച്ച് എന്തുചെയ്യണമെന്നറിയാതെയാണ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ നടക്കുന്നത്, ഇതാണ് വസ്തുത. പക്ഷേ നാഷണലൈസ്ഡ് ബാങ്ക്സിന്റെ കേരളത്തോടുള്ള നിലപാടുമാറണം. അഞ്ഞൂറ് ബാങ്കുകളിൽക്കൂടി സൈഫൺ ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്ന പൈസ അറുപത് ശതമാനവും പോകുന്നത് 100 ബ്രാഞ്ചിൽക്കൂടിയാണ്. കേരളത്തിലെ അഞ്ഞൂറു ബ്രാഞ്ചിൽനിന്ന് സൈഫൺ ചെയ്തെടുക്കുന്ന ഡെപ്പോസിറ്റ് കേരളത്തിൽ പുറത്തുള്ള നൂറു ശാഖകളിൽക്കൂടി ഭൂരിഭാഗവും പോകുന്നു എന്നുള്ളതാണ് ഒരു യാഥാർത്ഥ്യം. ആ യാഥാർത്ഥ്യത്തിന് എതിരായിട്ട് നാം പറഞ്ഞില്ലേ, ചീഫ് മിനിസ്റ്റർ ലെവലിൽ ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. ക്യാബിനറ്റ് ലെവലിൽ ഉന്നയിച്ചിട്ടുണ്ട്. പ്ലാനിംഗ് കമ്മിഷൻ വൈസ്ചെയർമാൻ എടുത്തിട്ടുള്ള നടപടികളുണ്ട്, ഇത് തുടരുകയാണ്. ഇതിൽ എന്തെല്ലാം നടപടികൾ എടുക്കാൻ കഴിയുമെന്ന് പരിശോധിച്ച് ബഹു. അംഗം പറഞ്ഞ കാർഷിക വായ്പാരംഗത്തുള്ള ഈ സ്റ്റാഗ്നേഷൻ ഇല്ലാതാക്കാൻ യുക്തമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. പാലോട് രവി</u> : സർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററിൽ വേൾഡ് ബാങ്കിന്റെ പ്രതിനിധികളും വ്യവസായ വകുപ്പിന്റെ പ്രതിനിധികളും എല്ലാം ചേർന്ന് ഇന്റർവ്യൂ നടത്തി ബാങ്കുകളിലേയ്ക്ക് അയയ്ക്കുന്ന ആയിരക്കണക്കിന് അപേക്ഷകളുടെ പത്തിലൊന്നു മാത്രമാണ് ബാങ്കുകൾ പാസ്സാക്കുന്നത്. ഇവർ ഒരുമിച്ച് ഇന്റർവ്യൂ നടത്തി സെലക്ട് ചെയ്യുന്ന ബാങ്കബിൾ പ്രോജക്ടാണ്. അതിന് അവർ പറയുന്നത് ഞങ്ങളുടെ കോട്ട ആയി എന്നാണ്, ഒരു ബാങ്കബിൾ പ്രോജക്ട് തൊഴിലില്ലാത്ത ചെറുപ്പക്കാരൻ കൊണ്ടുകൊടുക്കുന്നത് പാസ്സാക്കിക്കിട്ടുന്നതിന് ഒൻപത് മാസമെടുക്കുന്നു. എല്ലാദിവസവും ബാങ്കിൽച്ചെന്ന് ചോദിക്കുമ്പോൾ അവർ പറയും ഞങ്ങളുടെ കോട്ട ആയിപ്പോയി എന്ന്. ഇങ്ങനെ പറഞ്ഞ്, ഈ ബാങ്കിൽനിന്ന് പാസ്സാക്കിയ ആയിരക്കണക്കിന് അപേക്ഷകൾ ഇപ്പോൾ റിജെക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതാണ് ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും ഗുരുതരമായ സാഹചര്യം. സർ, സി.ഡി. റേഷ്യോ ഇപ്പോൾ കർണ്ണാടക, തമിഴ്നാട് സ്റ്റേറ്റുകളുമായി കമ്പയർ ചെയ്യുമ്പോൾ വളരെ താഴെപ്പോയിരിക്കുന്നു. സെലക്ട് ചെയ്യുന്ന അപേക്ഷകൾ റിജെക്ട്ചെയ്യാതിരിക്കാൻ സംസ്ഥാനത്തെ ബാങ്കുകൾ കൂടി അത്യാവശ്യമായി ചില പ്രോജക്ടുകൾ തയ്യാറാക്കിക്കൊടുത്ത് സി.ഡി റേഷ്യോ നിലനിർത്താനും പാവപ്പെട്ട തൊഴിലില്ലാത്ത ചെറുപ്പക്കാരെ സഹായിക്കാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് മാനേജർ ജില്ലയിൽ ലോൺ ആവശ്യപ്പെടുന്നവരുമായിട്ട് ഡിസ്കസ് ചെയ്ത്, പ്രോജക്ടുകൾ, പരിശോധിച്ച് ബാങ്കബിൾ ആണെന്ന് കണ്ട് എന്നിട്ട് അത്, ഞങ്ങളുടെ കോട്ടകഴിഞ്ഞു, എന്നുപറഞ്ഞ് നിഷേധിക്കുന്നത് അങ്ങേയറ്റത്തെ പിശകാണ്. അതു തെറ്റാണ്. കാരണം, ആവാരി കമ്മിറ്റി റിപ്പോർട്ടിനും റിസർവ് ബാങ്കിന്റെ ഗൈഡ് ലൈൻസിനും എതിരാണ്. റിസർവ് ബാങ്ക് തന്നെ പറഞ്ഞിട്ടുള്ളത് അത് 60% ആക്കണമെന്നുള്ളതാണ്. ആ 60% ആക്കണമെങ്കിൽ ഓരോ കൊല്ലവും ഇത്ര ശതമാനം നിങ്ങൾ വർദ്ധിപ്പിക്കണമെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. ആ ശതമാനം ആക്കാൻ ശ്രമിക്കുന്നില്ല എന്നു മാത്രമല്ല താഴോട്ടു പോകത്തക്ക രീതിയിൽ ഇവിടത്തെ ലോൺസ് റിജെക്ട് ചെയ്യുന്നു എന്നാണ് ബഹു. മെമ്പർ പറഞ്ഞത്. അക്കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തി ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ്, മാനേജേഴ്സിനേയും പ്രധാനപ്പെട്ട ബാങ്കുകളുടെ റപ്രസന്റേറ്റീവ്നേയും വിളിച്ചിട്ട് ഒരു ജോയിന്റ് കോൺഫറൻസ് കൂടി അങ്ങനത്തെ ലോൺസിനെ ക്ലിയർ കട്ട് ആയിട്ട് വേറെ പരിശോധിക്കുന്നതാണ്. അതിന്റെ മുകളിൽ ചില തീരുമാനങ്ങൾ എടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കഴിയണം. അത് വളരെ ഗൗരവമായ രീതിയിൽതന്നെയാണ് ഗവൺമെന്റ് കാണുന്നത്. ആ രീതിയിൽ തന്നെ മുന്നോട്ട് പോകും.

ശ്രീ. ബാബു ദിവാകരൻ : സർ, ഈ ബാങ്കുകൾ പറയുന്നത് ബാങ്ക ബിൾ പ്രോജക്ടിന്റെ അഭാവംകൊണ്ട് ഇതു കൊടുക്കുന്നതിനു ബുദ്ധിമുട്ടായി രുന്നു എന്നാണ്. അതുപോലെതന്നെ കൊടുക്കുന്ന ലോൺ തിരിച്ചടയ്ക്കുന്ന തിനെ സംബന്ധിച്ചും അവർക്കു പരാതിയുണ്ട്. കൊടുക്കുന്ന ലോണുകളുടെ തിരിച്ചടവും വളരെ മോശമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിട ത്തോളം വ്യവസായവൽക്കരണത്തിന് ആവശ്യമായ വയബിൾ പ്രോജക്ട് ഉണ്ടാക്കി, അവരെക്കൊണ്ട് ഈ ബാങ്കിങ് സൗകര്യപ്പെടുത്താൻ ബോധപൂർവ്വ മായ ശ്രമം വേണം. പി.എം.ആർ.വൈ. ലോൺ അതാണ്. കൊടുക്കുന്ന തെല്ലാം ഒരേ തരത്തിലുള്ള 100 പ്രോജക്ട്സിനാണ്. അതിന് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ്, ഖാദി ബോർഡ്, ഇങ്ങനെയുള്ള ഡിപ്പാർട്ടുമെന്റുകളെ വ്യവ സായവൽക്കരണത്തിന് കാർഷിക മേഖലയിൽ വയബിൾ പ്രോജക്ട്സ് ഉണ്ടാക്കി ബാങ്കിനെ കൊണ്ട് ബാങ്കിങ് നടത്താനുള്ള സാഹചര്യം ഒരുക്കുക യാണ് ഗവൺമെന്റ് ചെയ്യേണ്ടത്. അതിന് ഫലപ്രദമായ നടപടികൾ സ്വീകരി ക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, വളരെ പ്രസക്തമായ ഒരു പോയിന്റ് ആണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അത് എന്താണെന്ന്വച്ചാൽ റീ-പേ യിംഗ് കപ്പാസിറ്റി: ബാങ്കിന്റെ പണം കൊടുത്താൽ അത് ഇങ്ങോട്ട് അടയ്ക്കാ നുള്ള റീ-പേയിംഗ് കപ്പാസിറ്റി. ആ ലോൺ റിക്കവറി-അതനുസരിച്ചാണ് ആ പ്രോജക്ട് ബാങ്കബിൾ ആണോ അല്ലയോ എന്നു പറയുന്നത്. പ്രോജക്ട് നോക്കി അവർക്ക് ലാഭം ഉണ്ടാക്കി ഇങ്ങോട്ട് തിരിച്ചടയ്ക്കാൻ പറ്റുമോ എന്നു ള്ളതാണ്. അതാണ് അതിൽ പറയുന്നത്. അതുകൊണ്ട് ബാങ്കബിൾ പ്രോജക്ട്സ് ഉണ്ടാക്കിക്കൊടുക്കാൻ, അതിന് വേണ്ടി സാങ്കേതിക കാര്യങ്ങൾ ചെയ്യാനാണ് ഉദ്യോഗസ്ഥരെ വച്ചിട്ടുള്ളത്. അവർ അതു ചെയ്യുന്നില്ലെങ്കിൽ നിശ്ചയമായും അതു പരിശോധിച്ച്, നമ്മൾ അയയ്ക്കുന്ന പ്രോജക്ട് ബാങ്ക ബിൾ അല്ല എന്ന് പറഞ്ഞ് തള്ളാൻ കഴിയാതിരിക്കത്തക്കവണ്ണം ഫുൾ പ്രൂഫ് ആയി പ്രോജക്ടുകൾ ഉണ്ടാക്കി അയയ്ക്കാൻ, വയബിൾ, ഫീസിബിൾ, പ്രോജക്ട്സ് അയയ്ക്കാൻവേണ്ടി നടപടികൾ ഗവൺമെന്റ് എടുക്കുന്നതാണ്.

2 (*62) കൊപ്രയുടെ താങ്ങുവില ഉയർത്തുവാൻ നടപടി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. പി. വിശ്വൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് സഹായകമാകുന്നതുമായ എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചുവോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly